## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6560 — 01.11.2011-ൽ മറുപടിയ്ക്ക്

### "ശ്രീ.സുരേഷിന്റെ തസ്തികമാറ്റത്തിനുള്ള അപേക്ഷ"

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിലെ യു.ഡി.ടൈപ്പിസ്റ്റായ ശ്രീ.സുരേഷ് ക്ലറിക്കൽ തസ്തികയിലേയ്ക്ക് മാറ്റത്തിനായി ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നോ? | (എ) ഇടുക്കി ജില്ലാ മെഡിക്കൽ ആഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. |
| (ബി) എങ്കിൽ ഈ ആവശ്യത്തിന്മേൽ ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ? | (ബി) ഇടുക്കി ജില്ലാ മെഡിക്കൽ ആഫീസിൽ നിന്ന് പ്രസ്തുത അപേക്ഷ 20.08.11 ലെ എ3-8769/11 കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേക്ക് അയച്ച് കൊടുത്തിട്ടുണ്ട്. |
| (സി) ഇപ്രകാരം മാറ്റം ലഭിക്കുന്നതിനു വേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയെന്നു വ്യക്തമാക്കാമോ | (സി) അക്കൗണ്ട് ടെസ്റ്റ് ലോവർ, എം.ഒ.പി എന്നിവ പാസായിരിക്കുകയും ടൈപ്പിസ്റ്റ് തസ്തികയിൽ 10 വർഷത്തെ സർവ്വീസുമാണ് മാറ്റം ലഭിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ. '6:1' എന്ന അനുപാതത്തിലാണ് ടി സ്തികയിലേയ്ക്ക് നിയമനം നൽകുന്നത്. |
| (ഡി) ശ്രീ.സുരേഷ് തസ്തികമാറ്റത്തിന് അർഹനാണോ? | (ഡി) ശ്രീ.സുരേഷ് തസ്തിക മാറ്റത്തിന് അർഹനാണ്. |
| (ഇ) എങ്കിൽ ടിയാന് ക്ളറിക്കൽ തസ്തികയിലേയ്ക്ക് എത്രയും പെട്ടെന്ന് മാറ്റം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) 6:1 എന്ന അനുപാതപ്രകാരം നിയമിക്കേണ്ട യു.ഡി ക്ലാർക്കിന്റെ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് ടിയാന് മാറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ